**<u>കാവാലം – ശാകുന്തളം – മഞ്ജുവാര്യർ</u>**

**<u>18–07–2016</u>**

സമ്മിശ്രവികാരങ്ങളോടെയേ ഈ ചടങ്ങിൽ പങ്കെടുക്കാൻ കഴിയൂ. സങ്കടത്തിന്റെയും സന്തോഷത്തിന്റെയും വികാരങ്ങൾ കലർന്നു നിൽക്കുന്ന സന്ദർഭമാണിത്. കാളിദാസന്റെ വിഖ്യാത കൃതിയായ ശാകുന്തളം ഇവിടെ മികവോടെ അരങ്ങേറുന്നു എന്നത് സന്തോഷം. എന്നാൽ, ഏതൊരാൾ കാരണമാണോ ഇന്ന് ഈ അരങ്ങേറ്റം നടക്കുന്നത്, ആ ആൾ; അതായത് ശ്രീ. കാവാലം നാരായണപണിക്കർ, സ്വപ്ന സാക്ഷാൽക്കാരത്തിന്റേതായ ഈ സന്ദർഭത്തിൽ നമ്മോടൊപ്പമില്ല എന്നത് ദുഖം. ഏതായാലും ഒരു കാര്യം പറയട്ടെ. കാവാലത്തിന് നൽകാവുന്ന ഏറ്റവും വലിയ ബഹുമതിയും ആദരാഞ്ജലിയും അദ്ദേഹം സംവിധാനം ചെയ്തുവച്ച ശാകുന്തളത്തിന്റെ അവതരണം തന്നെയാണ്. ഏറ്റവും ഉചിതമായ ആദരാഞ്ജലി! കാവാലം കടന്നുപോയതോടെ ഈ സംരംഭം ഉപേക്ഷിച്ചുപോകാതെ, ഇതു മുമ്പോട്ടു കൊണ്ടുപോയി അരങ്ങിൽ എത്തിച്ചതിന് കാവാലത്തിന്റെ കുടുംബത്തെ, സോപാനത്തെ, മഞ്ജുവാര്യരെ മറ്റു കലാപ്രവർത്തകരെ ഒക്കെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു.

ദീർഘമായി സംസാരിക്കാനുള്ള സമയമല്ല ഇത്. കലാലോകം കാത്തിരിക്കുന്ന 'ശാകുന്തളം' അവതരണത്തിന് സജ്ജമായിരിക്കുന്നു. അതിന് തടസ്സം നിൽക്കുംവിധം ഞാൻ പ്രസംഗിക്കുന്നത് ഉചിതമല്ല. എങ്കിലും ചടങ്ങിന്റെ ഔപചാരികത മുൻനിർത്തി എന്തെങ്കിലും പറയാതെ പോകുന്നത് ഭംഗിയുമല്ല. ഈ ഒരു ധർമ്മസങ്കടത്തിലാണ് ഞാൻ. ഏതായാലും പ്രസംഗം ഏറെ നീണ്ടുപോകില്ല എന്ന് ഉറപ്പുതരുന്നു.

ഈ നാടകം അരങ്ങേറുമ്പോൾ ഞാനും ഉണ്ടാവണമെന്ന് ശ്രീ. കാവാലം നാരായണപണിക്കർ തന്നെ പറഞ്ഞിരുന്നതായാണ് ഞാൻ അറിഞ്ഞത്.

അദ്ദേഹം എന്നോട് അത്തരത്തിൽ കാണിച്ച സ്നേഹവായ്പിന് ഞാൻ നന്ദി പറയുന്നു. ഭാസന്റെ  എട്ടും  കാളിദാസന്റെ മൂന്നും നാടകങ്ങൾ സംവിധാനം ചെയ്ത് വേദിയിലെത്തിച്ച അതുല്യ പ്രതിഭയാണ് ശ്രീ. കാവാലം നാരായണപണിക്കർ. ആ ക്ലാസിക്കൽ നാടകാവതരണ പരമ്പര യിലെ അവസാന കണ്ണിയാണ് ശാകുന്തളം.

1982-ലാണ് ശാകുന്തളം ഇങ്ങനെ അവതരിപ്പിക്കാനുള്ള ശ്രമം അദ്ദേഹം തുടങ്ങിയത്. മൂന്നര പതിറ്റാണ്ടോളമെടുത്തു ഈ നിലയിൽ എത്തി ക്കാൻ. ഇതുകൊണ്ടു തന്നെ ഒരു കാര്യം വ്യക്തമാവും. ഒരോ നാടകവും അവതരിപ്പിക്കുന്നതിനു പിന്നിൽ എത്ര വലിയ, എത്ര ക്ലേശകരമായ, എത്ര ദീർഘമായ മാനസിക പ്രവൃത്തികളാണ് മൂലധനമായി അദ്ദേഹം നിക്ഷേപിച്ചിരുന്നത് എന്ന കാര്യം.

ദോശ ചുട്ടെടുക്കുന്നപോലെ കലാരൂപങ്ങൾ ഉണ്ടാക്കി വിൽക്കുന്ന വരുടെ കാലമാണിത്. ഇത്തരമൊരു കാലത്തും, ഫാസ്റ്റ് ഫുഡ് പോലെ യുള്ള കലയുടെ കാലത്തും, കലയെ ഒരു വലിയ തപസ്യയായി കൊണ്ടു  നടന്നു ഇവിടെ ഒരു മഹാപ്രതിഭ. കലയ്ക്കുവേണ്ടി, കവിത യ്ക്കുവേണ്ടി, നാടകത്തിനുവേണ്ടി, എല്ലാം മറന്നു ജീവിതം  സമർപ്പിച്ചു കഴിഞ്ഞുപോന്നു ആ മഹാപ്രതിഭാശാലി. ആ പ്രതിഭയുടെ സാന്നിദ്ധ്യം കൊണ്ട് നമ്മുടെ നാടകലോകം എത്രയോ ശക്തമാക്കപ്പെട്ടു. മൗലിക മായ സംഭാവനകൾകൊണ്ട് കേരളത്തിന്റെ നാടകരംഗത്തെ ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തിയ സമാനതയില്ലാത്ത നാട കാചാര്യനും കവിശ്രേഷ്ഠനുമായിരുന്നു കാവാലം. കേരളം അദ്ദേഹ ത്തോട് ഏറെ കടപ്പെട്ടിരിക്കുന്നു.

വിദ്യാർത്ഥിയായിരിക്കെ ശാകുന്തളം പഠിച്ചതിന്റെ നേർത്ത ഓർമ്മകൾ എന്റെ മനസ്സിലുണ്ട്. ദുഷ്യന്തൻ ഒരു വേട്ടക്കാരനും ശകുന്തള വേട്ടയാട പ്പെടുന്ന ഒരു മാൻകുട്ടിയും എന്ന ഒരു ചിത്രമാണ് എന്റെ മനസ്സിൽ

അന്നു  പതിഞ്ഞത്. കാളിദാസൻ അങ്ങനെ ആലോചിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ഏതായാലും അങ്ങനെ ആലോചിച്ചാൽ ശാകുന്തളത്തിന് വലിയ ഒരു സമകാലിക പ്രസക്തിയുണ്ട് എന്നു നമുക്ക് തിരിച്ചറിയാനാവും.

വേട്ട പെണ്ണിനെ തള്ളിപ്പറയുന്നു ദുഷ്യന്തൻ. അത്തരം ദുഷ്യന്തൻമാർ സമൂഹത്തിൽ ഇന്നുമില്ലേ? 'നിങ്ങളെ കണ്ടതായിപ്പോലും ഓർക്കുന്നില്ലല്ലോ' എന്നാണ് ശകുന്തളയോട് ദുഷ്യന്തൻ പറഞ്ഞത്. ഇതേ വാചകം ഇന്നും പറയപ്പെടുന്നില്ലേ?  പരിത്യജിക്കപ്പെടുന്നു ശകുന്തളമാർ. അവർ ഈ സമൂഹത്തിൽ ഇപ്പോഴുമില്ലേ?. ശകുന്തളമാരെ സമൂഹത്തിന് ഏറ്റു വാങ്ങേണ്ടിവരുന്നു. മാനിനെ വേട്ടയാടാൻ വന്നു ശകുന്തളയെ വേട്ടയാടിപ്പിടിച്ചു ദുഷ്യന്തൻ. അത്തരം  ഒരു ചിത്രമാണ് മനസ്സിൽ പതിഞ്ഞു നിൽക്കുന്നത്. സ്നേഹത്തിനു തെളിവായി അടയാളം കാണിക്കണമെന്ന് പുതിയ കാലത്തും ചിലർ പറയുന്നു. അങ്ങനെയായതുകൊണ്ടു കൂടിയാണ് ശാകുന്തളം സർവ്വകാല പ്രസക്തിയുള്ള നാടകമാവുന്നത്.

സംസ്കൃതത്തിലാണ് ഈ നാടകം. അതുകൊണ്ട്, മനസ്സിലാകുമോ എന്ന് ചിലർക്ക് സംശയമുണ്ടാകും. ആ സംശയം വേണ്ട. സംസ്കൃതത്തിലുള്ള നാടകത്തെ മഞ്ജുവാര്യർ അഭിനയം കൊണ്ട് പരിഭാഷപ്പെടുത്തി തരുന്നുണ്ട്. മഞ്ജുവാര്യരുടെ അഭിനയം മനസ്സിലാവാത്തവരായി ഇവിടെ ആരെങ്കിലും ഉണ്ടാവുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ടു തന്നെ ശ്രദ്ധിച്ചിരുന്നാൽ മതി, സംസ്കൃത നാടകം മനസ്സിലാവും.

ഇന്ത്യ കണ്ട ഏറ്റവും നല്ല നാടകം. ഇന്ത്യ കണ്ട ഏറ്റവും നല്ല നാടക സംവിധായകരിലൊരാൾ. ഇന്ത്യ കണ്ട ഏറ്റവും നല്ല നടികളിലൊരാൾ. ഇവർ ഒരുമിക്കുന്ന സന്ദർഭമാണിത്. ശാകുന്തളത്തേക്കാൾ വലിയ നാടകം ഇന്ത്യയിലില്ല. അതു സംവിധാനം ചെയ്യാൻ കാവാലത്തേക്കാൾ

വലിയ സംവിധായകനില്ല. ശകുന്തളയെ അവതരിപ്പിക്കാൻ മഞ്ജുവാര്യരെക്കാൾ നല്ല അഭിനേത്രിയുമില്ല.

'അവനവൻകടമ്പ' പോലുള്ള നാടകങ്ങൾ അവതരിപ്പിച്ച കാവാലമാണ് സംസ്കൃത നാടകങ്ങളും ചിട്ടപ്പെടുത്തിയത്. ദ്രാവിഡത്തനിമയോടും തനതു കേരളീയ താളങ്ങളോടും, നാടൻ സംസ്ക്കാരത്തോടും അടങ്ങാത്ത ആഭിമുഖ്യമുള്ള ആളായിരുന്നു കാവാലം. ആ കാവാലമാണ് സംസ്കൃത നാടകം അവതരണത്തിനായി തെരഞ്ഞെടുത്തത്. കലാകാരൻ തന്റെ മനസ്സ് സംസ്ക്കാരത്തിന്റെ എല്ലാ തലങ്ങൾക്കു നേർക്കും തുറന്നു വെയ്ക്കണമെന്ന വലിയ പാഠമുണ്ട് അതിൽ.

ഇത്തരം ഒരുപാട് പാഠങ്ങൾ മലയാളിയുടെ മനസ്സിനു മുന്നിൽ തുറന്നു വെച്ചിട്ടാണ് കാവാലം കടന്നുപോയത്. ആ പാഠങ്ങൾ മനസ്സിലാക്കാനുള്ള ശ്രമങ്ങളുടെ തുടക്കമാകണം ഇന്നിവിടെ. ആ ശ്രമം തുടരണം.

കാവാലത്തിന്റെ അർപ്പണബോധം അതേപടി പകർത്തിയെടുത്തിട്ടുണ്ടാവണം മഞ്ജുവാര്യർ. കാവാലത്തിന്റെ പത്നി, കാവാലം ശ്രീകുമാർ, കല്യാണി, മഞ്ജുവാര്യർ, സോപാനം കലാപ്രവർത്തകർ, സ്വരലയ പ്രവർത്തകർ എന്നിവരെയും ഇതുമായി സഹകരിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. കാവാലത്തിന്റെ സ്മരണയ്ക്കു മുമ്പിൽ വീണ്ടും ആദരാഞ്ജലികൾ അർപ്പിക്കുന്നു.